"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാരും - ശ്രീ.രാജേഷ്.കെ.ആർ, ക്ലാർക്ക്-ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.2124/2023/LSGD തീയതി,തിരുവനന്തപുരം, 30-10-2023

പരാമർശം:-

1. തസ്വഭ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.03.2017 ലെ എ1-1004/2013/സിഇ/എൽ.എസ്.ജി.ജി നമ്പർ ഉത്തരവ്.
2. തസ്വഭ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.10.2023 ലെ LSGD/PD/36333/2023-DEC3 നമ്പർ നടപടി ക്രമം.
3. തസ്വഭ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.10.2023 ലെ LSGD/PD/36333/2023-DEC3 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം ക്ലാർക്കായി നിയമിക്കപ്പെടുകയും 19.04.2017 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത ശ്രീ.രാജേഷ്.കെ.ആർ, ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവിൽ നിർബന്ധമായും പാസ്സാകേണ്ട വകുപ്പുതല പരീക്ഷ പാസ്സായിരുന്നില്ല. ടിയാൻ നിശ്ചിത യോഗ്യത ആർജിച്ച വകുപ്പുതല പരീക്ഷയുടെ അവസാന തീയതി 22.11.2022 ആണ്. ആയതിനാൽ, 23.11.2022 പൂർവ്വാഹ്നത്തിൽ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലയളവ് 24.11.2022 അപരാഹ്നം വരെ ദീർഘിപ്പിച്ച് നൽകേണ്ടതായിട്ടുണ്ട്. പ്രൊബേഷൻ കാലയളവിൽ ടിയാൻ ആകസ്മികാവധി കൂടാതെ ഒരു തരത്തിലുള്ള അവധികളും വിനിയോഗിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ടിയാന്റെ പ്രൊബേഷൻ കാലയളവ് പരാമർശം (2) പ്രകാരം 18.04.2020 അപരാഹ്നം വരെ ദീർഘിപ്പിക്കുകയും തുടർന്ന് ടിയാന്റെ പ്രൊബേഷൻ കാലയളവ് 24.11.2022 അപരാഹ്നം വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് മറ്റ് തരത്തിൽ അർഹനാണ് എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ശ്രീ.രാജേഷ്.കെ.ആർ - ന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് 19.04.2020 പൂർവ്വാഹ്നം മുതൽ 24.11.2022 അപരാഹ്നം വരെ 1958 ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം I I ചട്ടം 2 1 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.മേയോ ഭാസ്കർ

അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ.രാജേഷ്.കെ.ആർ. ക്ലാർക്ക് (*തസ്വഭവ പ്രിൻ. ഡയറക്ടർ മുഖേന*)
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
സെക്ഷൻ ഓഫീസർ
Date: 30-10-2023 16:23:46